Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 6510/E1/2020/കെ ഡബ്ല്യു എ

തീയതി: 28.02.2022

**സർക്കുലർ**

വിഷയം:- കേരള ജല അതോറിറ്റി - ഭരണ നിർവ്വഹണം - കേരള ജല അതോറിറ്റി പുറത്തിറക്കുന്ന സർക്കുലറുകൾ, ഉത്തരവുകൾ, അപേക്ഷാ ഫോറങ്ങളുടെ മാതൃകകൾ എന്നിവ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്.

സൂചന :- 2022 ഫെബ്രുവരി 4 ന് വീഡിയോ കോൺഫറൻസ് മുഖേന ഭരണനിർവ്വഹണ വിഭാഗവുമായി മാനേജിംഗ് ഡയറക്ടർ നടത്തിയ പ്രതിമാസ അവലോകന യോഗത്തിലെ തീരുമാനം.

കേരള ജല അതോറിറ്റി കേന്ദ്ര കാര്യാലയത്തിൽ നിന്ന് പുറത്തിറക്കുന്ന പൊതു സർക്കുലറുകൾ, ഉത്തരവുകൾ, അപേക്ഷാ ഫോറങ്ങളുടെ മാതൃകകൾ എന്നിവ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് മുൻകാലങ്ങളിൽ നിർദേശം നൽകിയിരുന്നതാണ്. എന്നാൽ ഇത് കൃത്യമായി പാലിക്കപ്പെടുന്നില്ലെന്ന് 2022 ഫെബ്രുവരി 4 ന് വീഡിയോ കോൺഫറൻസ് മുഖേന ഭരണനിർവ്വഹണ വിഭാഗവുമായി മാനേജിംഗ് ഡയറക്ടർ നടത്തിയ പ്രതിമാസ അവലോകന യോഗം വിലയിരുത്തി. അതിനാൽ ഇതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കേരള ജല അതോറിറ്റി പുറത്തിറക്കുന്ന പൊതു സർക്കുലറുകൾ, ഉത്തരവുകൾ, അപേക്ഷാ ഫോറങ്ങളുടെ മാതൃകകൾ എന്നിവ ഇനി മുതൽ ഔദ്യോഗിക വെബ്സൈറ്റിൽ നിർബന്ധമായും പ്രസിദ്ധീകരിക്കണം.
2. മുൻകാലങ്ങളിൽ പുറത്തിറക്കിയിട്ടുള്ളതും എന്നാൽ ഇതുവരെയും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാത്തതുമായ പൊതു സർക്കുലറുകൾ, ഉത്തരവുകൾ, അപേക്ഷാ ഫോറങ്ങളുടെ മാതൃകകൾ എന്നിവ കഴിയുന്നതും വേഗം, ലഭ്യതക്കനുസരിച്ച് ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തണം.
3. ഇതിനായി ഹെഡ് ഓഫീസിൽ ഓരോ വിഭാഗത്തിലും ഒരാൾക്ക് വീതം ചുമതല നൽകണം.

Draft #36 of File 6510/E1/2020/KWA (PART-III) Approved by Chief Engineer (HRD&GL) on 28-Feb-2022 12:14 PM - Page 1

4. വെബ്സൈറ്റിൽ സർക്കുലറുകൾ, ഉത്തരവുകൾ, അപേക്ഷാ ഫോറങ്ങളുടെ മാതൃകകൾ എന്നിവ പ്രസിദ്ധീകരിക്കാനുള്ള ലോഗിൻ ഐ ഡി, ഐ ടി വിഭാഗത്തിൽ നിന്ന് വാങ്ങേണ്ടതാണ്.
5. അതോറിറ്റിക്കായി സർക്കാർ പുറത്തിറക്കുന്ന ഉത്തരവുകളും, ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സംബന്ധിച്ച ഉത്തരവുകളും, ഉപഭോക്താക്കൾക്ക് സഹായകരമാകുന്ന വിവരങ്ങളും ഐ ടി വിഭാഗത്തിന്റെ സഹായത്തോടെ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിരിക്കണം.
6. പൊതു സർക്കുലറുകൾ, ഉത്തരവുകൾ, അപേക്ഷാ ഫോറങ്ങളുടെ മാതൃകകൾ എന്നിവ കഴിയുന്നത്ര മലയാളത്തിൽ തന്നെ പുറത്തിറക്കേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് എല്ലാ ഓഫീസ് മേധാവികളും ഉറപ്പ് വരുത്തേണ്ടതാണ്.

SETHUKUMAR S
ചീഫ് എഞ്ചിനീയർ (എച്ച് ആർ ഡി & ജനറൽ)

സ്വീകർത്താവ്

കേന്ദ്രകാര്യാലയത്തിലെ എല്ലാ വിഭാഗങ്ങളുടെയും മേധാവികൾക്ക്.

പകർപ്പ്:-

ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.

Draft #36 of File 6510/E1/2020/KWA (PART-III) Approved by Chief Engineer (HRD&GL) on 28-Feb-2022 12:14 PM - Page 2

The document is digitally approved. Hence signature is not needed.